DESPATCHED
On. 23-06-20

18/03/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1924(2)/2018**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **9067**/എസ്.ഐ.സി-ജി 6/18)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.സതീഷ് കുമാർ കെ.എ.,
കാര്യപ്പറമ്പിൽ വീട്,
കൊട്ടേക്കനാൽ റോഡ്,
കൊച്ചി – 682 018. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല,
കാലടി പി.ഒ., എറണാകുളം ജില്ല,
പിൻ – 683 574.

2. അപ്പീൽ അധികാരി,
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല,
കാലടി പി.ഒ., എറണാകുളം ജില്ല,
പിൻ – 683 574.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 27.01.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23.03.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 06.06.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 19.08.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 29.08.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 20.07.2019 വീഡിയോ കോൺഫറൻസ് ഹാൾ, എറണാകുളം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. സതീഷ് കുമാർ കെ.എ.,

19.08.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 29.08.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1924(2)/18/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ രേഖകൾ സാക്ഷ്യപ്പെടുത്തി നൽകിയില്ലെന്നും ചില രേഖകൾ നൽകാനാവില്ല എന്നറിയിച്ചതിനെതിരെയും ഒരു രേഖ നൽകിയതായി സൂചിപ്പിച്ചിട്ട് നൽകാതിരുന്നതിനും അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് യാതൊരു മറുപടിയും നൽകിയില്ലെന്നും ആകയാൽ ഒന്നും രണ്ടും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും ടിയാന് മറുപടി ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 27.01.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 23.03.2018ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 06.06.2018ന് ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 03.07.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ലെന്ന് കമ്മീഷനു ബോധ്യമാകുന്നു. എന്നാൽ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ടി ഓഫീസിൽ നിന്നും 01.03.2018, 23.03.2018 എന്നീ തീയതികളിൽ മറുപടി നൽകിയിരുന്നുവെന്നും ടി മറുപടിയ്ക്കെതിരെ നൽകിയ ഒന്നാം അപ്പീൽ കാലാവധി കഴിഞ്ഞിതിനുശേഷമാണ് നൽകിയതെന്നും വൈകിയതിന്റെ കാരണം ടിയാൻ ബോധിപ്പിച്ചിട്ടില്ലെന്നും ടി അപ്പീൽ പരിഗണിക്കാനാവില്ല എന്നറിയിച്ച് ടിയാന് 01.01.2019ന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. കൂടാതെ ടിയാൻ ഉന്നയിക്കും പോലെ സാക്ഷ്യപ്പെടുത്താൻ വിട്ടുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും അബദ്ധവശാൽ അപ്രകാരം സംഭവിച്ചിട്ടുണ്ടെങ്കിൽ സാക്ഷ്യപ്പെടുത്താൻ വിട്ടുപോയ രേഖകൾ ഹാജരാക്കിയാൻ സാക്ഷ്യപ്പെടുത്തി നൽകുന്നതാണെന്നും സർവ്വകലാശാലയുടെ തന്നെ കാലടി ഓഫീസിൽ ജോലിചെയ്യുന്നയാളാണെന്നും ടിയാന് എപ്പോൾ വേണമെങ്കിലും ടി സൗകര്യം ലഭ്യമാണെന്നുമാണ്. എന്നാൽ ഹർജിക്കാരന്റെ 27.01.2018ലെ അപേക്ഷയ്ക്ക് 23.03.2018ലാണ് ഒന്നാം എതിർകക്ഷി മറുപടി നൽകി

യതായി കാണുന്നത്. ആയത് ഗുരുതരമായ വിവരവാകാശ നിയമലംഘനമാണ്. ആകയാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കമ്മീഷൻ നിരീക്ഷിക്കുന്നു. ആയതിനാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 18–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/